DESPATCHED
On 4/2/22.

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1754(5)/18/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 7851 /SIC-G7/2018**

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 30.12.2021**

ശ്രീ. എസ്. ജയറാം,
റൂം നമ്പർ 202, കാനറിലോഡ്ജ്,
എസ്. എൻ. കോളേജിന് സമീപം,
കൊല്ലം – 1.
} അപ്പീൽഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി,
സഹകരണ(എ) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി,
സഹകരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 18.12.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 31.01.2018 |
| ഒന്നാം അപ്പീൽ | 12.02.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 01.03.2018 |
| രണ്ടാം അപ്പീൽ | 16.07.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 28.07.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനിലെ സ്പെഷ്യൽ ഓഫീസർ തസ്തികയിലെ ശ്രീ. ഡോൺ ബോസ്കൊയുടെ നിയമനം സംബന്ധിച്ചുള്ള വിവരങ്ങളായിരുന്നു.
2. പ്രസ്തുത അപേക്ഷയിൻമേൽ ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും തൃപ്തികരമായ വിധം മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. 28.07.2021 തീയതി ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ അപ്പീൽഹർജിക്കാരനും എസ്പി.ഐ.ഒയും പങ്കെടുത്തിരുന്നു.

3. അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന നോട്ട് ഫയലിന്റെ പകർപ്പ് നൽകിയിരിക്കുന്നത് ഒറിജിനൽ ഫയലിന്റെ ശരിപകർപ്പ് അല്ല എന്നും നോട്ട് ഫയൽ എന്ന പേരിൽ നൽകിയിട്ടുള്ള കുറിപ്പ് ഫയലിലും വിവരം കാണുന്നില്ല എന്നും അപേക്ഷയിലെ ക്രമ നമ്പർ 2 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഫയൽ കുറിപ്പ് ലഭ്യമായിട്ടില്ല എന്നും ആവശ്യപ്പെട്ട പകർപ്പുകളും വിവരങ്ങളും ലഭ്യമാക്കാൻ നടപടി ഉണ്ടാകണമെന്നുമാണ്.

4. എസ്.പിഐ.ഒ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനിലെ സ്പെഷ്യൽ ഓഫീസർ തസ്തികയിലെ ശ്രീ. ഡോൺ ബോസ്കോയുടെ നിയമനം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്തിരുന്ന ഫയലിലെ കുറിപ്പ് ഫയലിന്റെ യഥാർത്ഥ പകർപ്പുകൾ തന്നെയാണ് അപ്പീൽഹർജിക്കാരന് നൽകിയത് എന്നും ടിയാന്റെ അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ നിന്നും വ്യത്യസ്തമായോ അധികമായോ യാതൊരു വിവരവും ഇതു സംബന്ധിച്ച് നൽകുവാനില്ല എന്നും അപേക്ഷകൻ ആവശ്യപ്പെട്ട ക്രമനമ്പർ 2,5 എന്നിവ പ്രകാരമുള്ള കത്തുകൾ സർക്കാരിൽ ലഭ്യമായിട്ടില്ല എന്നും ക്രമ. നമ്പർ 3 ൽ ആവശ്യപ്പെട്ടതു പ്രകാരം പി.എസ്.സിയ്ക്ക് അറിയിപ്പ് നൽകുകയോ പത്ര പരസ്യം നൽകുകയോ ചെയ്തിട്ടില്ല എന്നും എസ്.പിഐ.ഒ അറിയിക്കുന്നുണ്ട്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും എസ്.പിഐ.ഒയുടെ റിപ്പോർട്ടും പരിശോധിക്കുമ്പോൾ, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകിയിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നാൽ ടി അപേക്ഷയിലെ 2 മുതൽ 5 വരെയുള്ള വിവരങ്ങളിൻമേൽ പരാതി നിലനിൽക്കുന്നതായും കമ്മീഷൻ നിരീക്ഷിച്ചു. കമ്മീഷൻ മുമ്പാകെ നൽകിയ റിപ്പോർട്ടിൽ 2,3,5 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി നൽകിയതായും കാണുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് ലഭിച്ചിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ നാലാമത്തെ ചോദ്യത്തിനാണ് ഒരു അവ്യക്തത ഉള്ളതായി കമ്മീഷൻ കാണുന്നത്. ഈ സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ ടിയാൻ ആവശ്യപ്പെട്ട ഫയലിലെ കറണ്ട് ഫയലിന്റെ പകർപ്പ് കൂടി സൗജന്യമായി ടിയാന് അയച്ചു നൽകേണ്ടതാണെന്ന് എസ്.പിഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ്.

6. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി